# STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING-KERALA
## (SIEMAT-KERALA)

MG Road, East Fort, Thiruvananthapuram-695036, Kerala
Phone No: 0471-2460343, 2461169
Website : www.siemat.kerala.gov.in    E-mail : siematkeralatvm@gmail.com

---

നമ്പർ : സീമാറ്റ് /എ.ഡി.സി2/562/2019    തീയതി : 26/05/2020

## ക്വട്ടേഷൻ നോട്ടീസ്

സംസ്ഥാന പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ സീമാറ്റ്-കേരളയ്ക്ക് 2020-21 സാമ്പത്തിക വർഷം ആവശ്യമായി വന്നേക്കാവുന്ന ഫോട്ടോകോപ്പി പേപ്പറുകൾ **(A4 size)** സപ്ലൈചെയ്യുവാൻ പ്രാപ്തിയും താല്പര്യവുമുള്ള കക്ഷികളിൽ നിന്നും/ ഏജൻസികളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾക്ക് 31/03/2021 വരെ പ്രാബല്യമുണ്ടായിരിക്കേതാണ്.

ഉന്നതഗുണനിലവാരമുള്ള 80 gsm ഫോട്ടോകോപ്പി പേപ്പറുകളാണ് സപ്ലൈചെയ്യേണ്ടത്. Hybrite/JK/Sparkle red ബ്രാൻറ്റുകളോ സമാനമായ ഗുണനിലവാരമുള്ള മറ്റ് ബ്രാൻറ്റുകളോ സപ്ലൈചെയ്യുവാൻ പ്രാപ്തിയുള്ളവർക്ക് മാത്രമേ ക്വട്ടേഷൻ സമർപ്പിക്കേണ്ടതുള്ളൂ.

ഒരു പാക്കറ്റ് പേപ്പർ സപ്ലൈചെയ്യാനുള്ള നിരക്ക് എത്രയായിരിക്കുമെന്നും ആയതിനുള്ള നികുതി എത്രയാണെന്നുള്ളതുമാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്. ഒന്നിലധികം ബ്രാൻറ്റുകൾ സപ്ലൈചെയ്യാൻ കഴിയുന്നവർ പ്രസ്തുത ബ്രാൻറ്റുകളുടെ നിരക്ക് ഒരേ ക്വട്ടേഷനിൽതന്നെ രേഖപ്പെടുത്തിയാൽ മതിയാവുന്നതാണ്. ക്വോട്ട് ചെയ്യുന്ന ബ്രാൻറ്റുകളുടെ സാമ്പിളുകൾ ക്വട്ടേഷനൊപ്പം സമർപ്പിച്ചിരിക്കണം.

ക്വട്ടേഷൻ ഉറപ്പിക്കുന്ന ഏജൻസിയിൽ നിന്ന് /കക്ഷിയിൽ നിന്ന് 2020-21 സാമ്പത്തിക വർഷം ആവശ്യഘട്ടങ്ങളിൽ ഫോട്ടോകോപ്പി പേപ്പർ ബൾക്കായി വാങ്ങുന്നതാണ്.

**ക്വോട്ട് ചെയ്യുന്ന നിരക്കിൽ തന്നെ 2020-21 സാമ്പത്തിക വർഷത്തിൽ ഏത് സമയത്തും ഫോട്ടോകോപ്പി പേപ്പർ സപ്ലൈചെയ്യുവാൻ തയ്യാറാകേണ്ടതും, അപ്രകാരം തയ്യാറാണെന്ന് ക്വട്ടേഷനിൽ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതുമാകുന്നു.**

"ക്വട്ടേഷൻ - ഫോട്ടോകോപ്പി പേപ്പർ" എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ 2020 ജൂൺ മാസം 15-ാം തീയതി ഉച്ചയ്ക്ക് 3 മണിക്ക് മുൻപ് താഴെകൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭിക്കത്തവണ്ണം സമർപ്പിക്കേണ്ടതാണ്.

**ഡയറക്ടർ**
സീമാറ്റ്-കേരള
എം.ജി. റോഡ്, കിഴക്കേകോട്ട,
തിരുവനന്തപുരം-695036

ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം (15/06/2020) വൈകിട്ട് നാലു മണിക്ക് അപ്പോൾ ഹാജരായിരിക്കുന്ന ക്വട്ടേഷനർമാരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ് .

യാതൊരു വിശദീകരണവും നൽകാതെതന്നെ ലഭിക്കുന്ന ഏത് ക്വട്ടേഷനും നിരസിക്കാനുള്ള അധികാരം സീമാറ്റ് - കേരളയ്ക്ക് ഉണ്ടായിരിക്കും.

തിരുവനന്തപുരം
26/05/2020

ഡയറക്ടർ

സ്വീകർത്താവ്

1 നോട്ടീസ് ബോർഡ് (സീമാറ്റ് - കേരള)
2 സീമാറ്റ് - കേരള വെബ്സൈറ്റ്